**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1460 10.02.2020 ലെ മറുപടിക്ക്**

**<u>തിരുവനന്തപുരം ജില്ലയിലെ ഹരിത കേരളം പദ്ധതികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ? | കൃഷി വകുപ്പിന്റെ പൊതുവായ പദ്ധതികൾ കൂടി ഉൾപ്പെടുത്തി ഹരിതകേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സുജലം-സുഫലം ഉപമിഷന്റെ ഭാഗമായി ജില്ലയിലെ കൃഷി യോഗ്യമായ തരിശ് സ്ഥലങ്ങൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കർമ്മസേന എന്നിവയുടെ സഹകരണത്തോടെ ഏറ്റെടുത്ത് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി, മറ്റ് കിഴങ്ങ് വർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്ത് വരുന്നു.<br>കൃഷി വകുപ്പ് മുഖേന ജില്ലയിൽ ഇതുവരെ 240.69 ഹെക്ടർ തരിശ്ഭൂമിയിൽ നെൽകൃഷിയും 256.18 ഹെക്ടർ തരിശ്ഭൂമിയിൽ വാഴ, മരച്ചീനി, പച്ചക്കറി തുടങ്ങിയ വിളകളും കൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ജില്ലയിലെ 73 പഞ്ചായത്തുകളിൽ ഓരോ വാർഡ് വീതം തെരഞ്ഞെടുത്ത് എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. പച്ചക്കറി കൃഷി, ടെറസ് കൃഷി എന്നിവ ചെയ്യുന്നതിനായി പരിശീലന പരിപാടികളും സംഘടിപ്പിച്ചു. പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം ചെയ്യുകയും ഗ്രോബാഗുകളിലും മൺചട്ടികളിലും പച്ചക്കറി കൃഷി |

| | |
|---|---|
| | നടപ്പിലാക്കുക വഴി പ്രസ്തുത വാർഡുകളിൽ 60% മുതൽ 90% വരെ വീടുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.<br>പഴം പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നി ലക്ഷ്യങ്ങൾ കൈവരിക്കുവാൻ വേണ്ടി ത്രിതല പഞ്ചായത്തുകളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വിവിധ ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കി വരുന്ന ഹരിതഭവനം, ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ്. വാഴ, പപ്പായ, ജാമ്പ, പേര, പ്ലാവ്, മാവ് മുതലായ പഴവർഗ്ഗ ഇനങ്ങളുടെ തൈകൾ മൺചട്ടി/ഗ്രോബാഗിൽ പച്ചക്കറി, മുരിങ്ങ, കറിവേപ്പ്, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ കിണർ റീ-ചാർജ്ജ്, മാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് / മണ്ണിര കമ്പോസ്റ്റ്, മുട്ടക്കോഴി, കൂട് എന്നിവയും ഈ പദ്ധതിയിൽ വിതരണം ചെയ്യുന്നു. 2018-19 വർഷത്തിൽ 2300 ഹരിതഭവനങ്ങൾ നടപ്പാക്കുവാൻ സാധിച്ചു. 2019-20 വർഷം 1000 ഹരിതഭവനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>ജില്ലയിൽ 1900 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ ജൈവ കൃഷി ചെയ്യുന്നതിന് 3000/- രൂപയാണ് ധനസഹായമായി നൽകുന്നത്. ജൈവ ഉൽപ്പന്നങ്ങൾ "Safe to eat" എന്ന ബ്രാൻഡിൽ എക്കോഷോപ്പുകൾ വഴി വിതരണം ചെയ്യുന്നു. 38 എക്കോഷോപ്പുകൾ ജില്ലയിൽ പ്രവർത്തിച്ച് വരുന്നു. |

| | |
|---|---|
| | തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി 21 കർമ്മസേനകൾ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക സേവനം ഒരു കുടക്കീഴിൽ എന്ന ലക്ഷ്യത്തോടെ 7 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ച് വരുന്നു.<br>ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തലക്കുളങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നവീകരിച്ചു. കൂടാതെ പുഴകളും തോടുകളും വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. |

ഡെപ്യൂട്ടി സെക്രട്ടറി